'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - അസാധാരണ ഗസറ്റിൽ വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിച്ചു വരുന്ന വകുപ്പുകളും സ്ഥാപനങ്ങളും ഇലക്ട്രോണിക് മാധ്യമം വഴി വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിക്കുന്നത് - തദ്ദേശ സ്വയം ഭരണ (ഇപിഎ) (ഇപിബി) എന്നീ വകുപ്പുകളിലെ ക്ഷമതയുള്ള അധികാരിയായി തദ്ദേശ സ്വയംഭരണ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറിയെ നിയോഗിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.2702/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 29/11/2019

---

പരാമർശം:- ഉന്നത വിദ്യാഭ്യാസ (എച്ച്) വകുപ്പിന്റെ 30.04.2019-ലെ 38177/എച്ച്3/14/ഉവിവ നമ്പർ സർക്കുലർ

ഉത്തരവ്

കേരള സർക്കാരിന്റെ അസാധാരണ ഗസറ്റിൽ വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിച്ചു വരുന്ന വകുപ്പുകളും സ്ഥാപനങ്ങളും ഇലക്ട്രോണിക് മാധ്യമം വഴി വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് ക്ഷമതയുള്ള അധികാരിക്ക് user name, password എന്നിവ ലഭിക്കുന്നതിനായി പ്രസ്തുത ഉദ്യോഗസ്ഥന്റെ പേര്, തസ്തിക, പെൻ നമ്പർ, സ്പാർക്കുമായി ബന്ധപ്പെടുത്തിയുള്ള മൊബൈൽ നമ്പർ, വകുപ്പ്, ഓഫീസിൽ മുതലായവ അച്ചടി വകുപ്പിന്റെ gazettee.printing@kerala.gov.in എന്ന വിലാസത്തിലേക്ക് അയച്ചു തരേണ്ടതാണെന്നും പ്രസ്തുത വിവരങ്ങളുടെ അടിസ്ഥാനത്തിൽ അച്ചടി വകുപ്പിൽ നിന്നും നൽകുന്ന user name, password എന്നിവ ഉപയോഗിച്ച് മാത്രമേ വിജ്ഞാപനങ്ങൾ പ്രസിദ്ധീകരണത്തിനായി നൽകാവൂയെന്നും ഇത് കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന് Digital Signature ഉണ്ടായിരിക്കേണ്ടതാണെന്നും പരാമർശിത സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്.

2. മേൽ സാഹചര്യത്തിൽ അസാധാരണ ഗസറ്റിൽ വിജ്ഞാപനങ്ങൾ ഇലക്ട്രോണിക് മാധ്യമം വഴി പ്രസിദ്ധീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ (ഇപിഎ),(ഇപിബി) എന്നീ വകുപ്പുകളിലെ ക്ഷമതയുള്ള അധികാരിയായി തദ്ദേശസ്വയംഭരണ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറിയെ ((ഇപിഎ)& (ഇപിബി))നിയോഗിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യു**
**അഡീഷണല് സെക്രട്ടറി**

1. ശ്രീമതി ഷീബ ബി.,ഡെപ്യൂട്ടി സെക്രട്ടറി, തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

2. ഡയറക്ടർ, പ്രിന്റിങ് വകുപ്പ്
3. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
4. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ